**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.97/2025 25.09.2025

## സൂക്ഷ്മ ജലസേചന പദ്ധതികൾക്ക് 100 കോടി പദ്ധതിയുമായി കൃഷി വകുപ്പ്

തിരുവനന്തപുരം: വേനൽക്കാലത്ത് ഉണ്ടാകാറുള്ള ജലക്ഷാമം പരിഹരിക്കുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സൂക്ഷ്മ ജലസേചന പദ്ധതിയായ പ്രധാന മന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന ഓരോ തുള്ളിയിലും കൂടുതൽ വിളവ് (PDMC) കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് പഠനശാല ഉദ്ഘാടനം ചെയ്ത കാർഷികോത്പാദന കമ്മീഷണർ ഡോ. ബി അശോക് ഐ എ എസ്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഗ്രാൻഡ് ചൈത്രം ഹോട്ടലിൽ സംഘടിപ്പിച്ച പഠനശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആവശ്യത്തിന് മഴ ലഭിക്കുന്ന സംസ്ഥാനമാണെങ്കിൽ പോലും പ്രതി ശീർഷ ജല ലഭ്യത താരതമ്യേനെ കുറവായതിനാൽ സൂക്ഷ്മ ജലശേഖരണ രീതികളുടെ പ്രാധാന്യം വർദ്ധിച്ചു വരികയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്ന കൃഷി വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ ഐ.എ.എസ്. ചൂണ്ടിക്കാട്ടി. നാളികേരം, വാഴ, കശുമാവ് പുഷ്പ-ഔഷധ സസ്യങ്ങൾ തുടങ്ങി കേരളത്തിലെ ഒട്ടുമിക്ക പ്രധാനപ്പെട്ട വിളകളിലും സൂക്ഷ്മ ജലസേചന രീതികൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കി സംസ്ഥാനത്തിന് ഈ മേഖലയിൽ ആകർഷകമായ ഒരു കുതിച്ചുചാട്ടം പ്രാവർത്തികമാക്കാൻ സാധിക്കും എന്ന് അദ്ദേഹം പറഞ്ഞു.

ജലസേചനത്തിന് ആവശ്യമായ കുളവും ടാങ്കുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കി ഭാവിയിൽ പദ്ധതി മാർഗ്ഗരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുള്ളിനന പോലുള്ള ജലസേചന രീതികൾ സംസ്ഥാനത്തിന്റെ ആവശ്യനുസരണം പദ്ധതിയിലൂടെ നടപ്പിലാക്കും. 6000ത്തോളം കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി 70% ജലനഷ്ടം കുറച്ചുകൊണ്ട് കൃഷി ലാഭകരമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ജലസേചനത്തിന്റെ പ്രാധാന്യത്തെകുറിച്ച് കർഷകരെ ബോധവത്കരിക്കുന്നതിലൂടെ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കുമെന്നും സ്വാഗതം ആശംസിച്ച കൃഷിവകുപ്പ് സംസ്ഥാന കാർഷിക എൻജിനീയർ, രാജ്മോഹൻ. സി. കെ, സൂചിപ്പിച്ചു. പഞ്ചായത്ത് തലത്തിൽ കർഷകർക്ക് ഇത് സംബന്ധിച്ച് പരിശീലനം നൽകുന്നതാണ്വിഷയവുമായി ബന്ധപ്പെട്ട വിദഗ്ദർ ക്ളാസ്സുകൾ കൈകാര്യം ചെയ്തു . ഡോ . അബ്ദുൾ ഹക്കിം വി എം (പ്രൊഫസ്സർ, കേരള കാർഷിക സർവ്വകലാശാല), രാജേഷ് പി ഡി (കൃഷി അസിസ്റ്റന്റ് എൻജിനീയർ, വയനാട് ), പ്രമോദ് എസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ), അരുൾ രാജ് (അസിസ്റ്റന്റ് എൻജിനീയർ, കൃഷി വകുപ്പ് ), ഡോ. പ്രകാശ് മോഹൻ (ഡിസൈൻ കൺസൽട്ടൻറ് ,ബിറ്റ്സ് പിലാനി) എന്നിവർ പഠന ശാലയിലെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തു. സംസ്ഥാന കൃഷി വകുപ്പ് മുഖേന തുള്ളി നന പദ്ധതികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രധാന മന്ത്രി രാഷ്ട്രീയ കൃഷി വികാസ് യോജന ഓരോ തുള്ളിയിലും കൂടുതൽ വിളവ് (PDMC) പദ്ധതിയുടെ ലഘു മാർഗ്ഗരേഖ കാർഷികോത്പാദന കമ്മീഷണർ ഡോ. ബി അശോക് ഐ എ എസ്, കൃഷി വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെകിട്ടരാമൻ ഐ എ എസ് ന് നൽകി പ്രകാശനം ചെയ്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**